വയനാട് ജില്ല			
മാനന്തവാടി	18	36	667
സുൽത്താൻബത്തേരി	12	42	261
വൈത്തിരി	1	83	891
കാസർഗോഡ് ജില്ല			
കാസർഗോഡ്	87	91	000
ഹോസ്ദുർഗ്ഗ്	27	83	000
ആകെ	770	95	484 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

നൂറ് ദിവസത്തിനകം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

11 [607] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് ദിവസത്തിനകം നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച റവന്യൂ വകുപ്പിലെ പദ്ധതികളും പരിപാടികളും എന്തെല്ലാമായിരുന്നു ;

(ബി) ഇതിനകം ഏതെല്ലാം പ്രഖ്യാപിത പരിപാടികളും പദ്ധതികളും എന്തുമാത്രം നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

(സി) നൂറ് ദിവസത്തിനകം സംസ്ഥാനത്ത് എത്രപേർക്ക് പുതുതായി പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു ;

(ഡി) സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ഇതിനകം എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) നൂറ് ദിവസത്തിനകം സംസ്ഥാനത്ത് 25000 ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനുള്ള ഒരു ക്രാഷ് പ്രോഗ്രാം നടപ്പാക്കുവാനാണ് പരിപാടിയിട്ടിരുന്നത്.

(ബി) നൂറ് ദിവസത്തിനകം 18221 പേർക്ക് പട്ടയവും 8794 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്.

(സി) 25000 പേർക്ക് പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു.

(ഡി) 18221 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.